(ഡി) നാട്ടുചികിത്സാ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പാർട്ട് ടൈം കുക്ക് തസ്തിക നിലവിലില്ലാത്തതിനാൽ പാർട്ട് ടൈം-കാരെ പ്രമോട്ട് ചെയ്ത് കുക്ക് തസ്തികയിൽ നിയമിക്കുന്നതിന് സാദ്ധ്യമല്ല.

(ഇ ആന്റ് എഫ്) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം രണ്ടു വർഷത്തെ സേവന പരിചയമുള്ള ഫുൾടൈം സ്വീപ്പർമാരെ മാത്രമേ അറ്റന്റർ തസ്തികയിൽ നിയമിക്കാൻ കഴിയുകയുള്ളു.

മീൻവല്ലം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

171 [1751] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മീൻവല്ലം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിയിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്നാണ് കരുതുന്നത്; ഇതിനുവേണ്ടി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) ഈ പദ്ധതിക്കുവേണ്ടി ത്രിതല പഞ്ചായത്തുകൾ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; എത്ര കോടി രൂപ സംഭരിച്ചിട്ടുണ്ട്;

(ഡി) ഇതിനായി 7 കോടി രൂപ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പവർ ഫിനാൻസ് കോർപ്പറേഷൻ 3.5 കോടി രൂപ നൽകാമെന്ന് സമ്മതിച്ചിട്ട് പ്രസ്തുത തുക നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മീൻവല്ലം ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതിക്കാവശ്യമായ ജനറേറ്ററുകളും പെൻസ്റ്റോക്ക് പൈപ്പുകളും ലഭ്യമായിട്ടുണ്ട്. പദ്ധതി പ്രദേശത്തേക്കുള്ള അപ്രോച്ച് റോഡിന്റെ (വന അതിർത്തി വരെ) പണി പൂർത്തിയായി. വൈദ്യുതി പ്രസരണത്തിനുള്ള ലൈൻ 3 കി.മീ. നീളത്തിൽ വനം അതിർത്തി വരെ നിർമ്മിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടി 1.15 ഹെക്ടർ വനഭൂമി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും അനുവദിച്ചു കിട്ടിയിട്ടുണ്ട്.

(ബി) 3 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്ന് കണക്കാക്കിയിട്ടുണ്ട്. ഏകദേശം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-3-2004 വരെ 154.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 199.98 ലക്ഷം രൂപ സംഭരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) കേരള പവർ ഫിനാൻസ് കോർപ്പറേഷൻ 371 ലക്ഷം രൂപ വായ്പ നൽകാൻ സമ്മതിച്ചതിൽ ഒരു വ്യവസ്ഥ, വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി ഉണ്ടാകണമെന്നതാണ്. എന്നാൽ കെ.എസ്.ഇ.ബി.-യുമായി വൈദ്യുതി വാങ്ങൽ കരാറിലേർപ്പെടാനുള്ള സർക്കാരിന്റെ ഉത്തരവിൽ തന്നെ ഗ്യാരണ്ടി നൽകില്ല എന്ന വ്യവസ്ഥയുണ്ടായിരുന്നു. ഈ പദ്ധതിക്കുവേണ്ടിയുള്ള വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകണമെന്ന ആവശ്യം പാലക്കാട് ജില്ലാ പഞ്ചായത്ത് ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മാരാരിക്കുളം മണ്ഡലത്തിൽ വൈദ്യുതി സബ്സ്റ്റേഷൻ

172 [1752] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്താതെ മാരാരിക്കുളം നിയോജകമണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ചേർത്തലയിലെ ആട്ടോകാസ്റ്റ് കമ്പനി വക ഭൂമി വാങ്ങി വൈദ്യുതി സബ്സ്റ്റേഷൻ തുടങ്ങുവാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശങ്ങളും പുരോഗതിയും വെളിപ്പെടുത്താമോ;

(ഇ) സബ്സ്റ്റേഷൻ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യാവസായിക ആവശ്യത്തിന് ഒഴികെ മറ്റ് പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുവാൻ ബുദ്ധിമുട്ടില്ല.

(ബി) എസ്.എൽ. പുരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി, ഡി) ഉണ്ട്. പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ടി ചേർത്തലയിലെ ആട്ടോകാസ്റ്റ് കമ്പനി വക 2 ഏക്കർ ഭൂമി ജില്ലാ കളക്ടർ നിശ്ചയിച്ച വിലക്ക് വാങ്ങുവാൻ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ഇ) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും, ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly